Code no: 24
വിഷയം: ഭൂമിയുടെ പാ...


# ആലീസ് എന്ന നേഴ്സ്

"ജനറൽ വാർഡിൽ
ഒരു പെണ്ണുവന്നുപെട്ടിട്ടുണ്ട്."
ഉറക്കച്ചുവയിലിരുന്ന് ആലീസ് എന്ന നേഴ്സ്
മെല്ലെപ്പറഞ്ഞു.
"പാവം പിടിച്ചൊരുത്തി.
കവിളൊട്ടി, മുഖത്തെയെല്ലെല്ലാം
പുറത്തു കാണാം.
തലയോട്ടിക്കുള്ളിൽ ഒളിച്ചിരിക്കുന്നപോലെയുണ്ട്
അതിന്റെ കണ്ണുകൾ
റൗണ്ട്സിനു വന്ന ഡോക്ടർ പറഞ്ഞത്
അധികനേരമൊന്നുമുണ്ടാകില്ലെന്നാണ്.
സ്ക്രീനിലെ കുടുക്കുന്ന തീവണ്ടിയുടെ
ദയനീയത പോലെയാണത്രേ
അതിന്റെ ഹൃദയമിടിപ്പ്.
രെജിസ്റ്ററിൽ 'ഭൂമി' എന്നെങ്ങാനാണ്
പേരു കണ്ടത്.
പുറത്തുനിന്ന് പണിക്കുവന്നതായിരിക്കും.
അല്ലാതെ ഇവിടെയാർക്കാണ് ഇങ്ങനത്തെ പേര്.'

ഒരിളം നീലബ്ലൗസാണ്,
അതാകെ കരിമ്പനടിച്ചു നാറിയിരിക്കുന്നു.
നിറമെന്തെന്നു മനസ്സിലാക്കാൻ പറ്റാത്ത
മണ്ണുപറ്റിയൊരു പാവാടയുണ്ട്.
ആകെ കീറിപ്പറിഞ്ഞ്,
പിഞ്ഞിയിടം ഏച്ചുകെട്ടിയെടുത്ത ഒന്ന്.
മാറിയുടുക്കാൻ വേറൊന്നുമില്ലായിരിക്കും.
പാവം."

ആലീസിനന്ന് ചോറിറങ്ങിയില്ല.
"ദേഹമൊത്തം മുറിവുണ്ട്.
ബന്ധുക്കാരൊന്നും വന്നിട്ടില്ല.
തീർന്നുകഴിഞ്ഞാലെങ്കിലും
അവരറിയുമോ ആവോ."

Code no: 24
page : 2

അവർ ഒച്ചയുണ്ടാക്കാതെ
കരഞ്ഞു.

"പാവം, കിടക്കുന്നതുകണ്ടാൽ
എന്റെ പിള്ളേരുടെ..!
~~വല്ലാത്തൊരു~~
വല്ലാണ്ട് നരകിപ്പിക്കാതെ
വേഗമങ്ങ് എടുത്താൽ മതിയായിരുന്നു."

കരയുന്നത് മറ്റാരും കാണാതിരിക്കാൻ
തലകുനിച്ചുകൊണ്ട്
ആലീസ് എന്ന നേഴ്സ് പറഞ്ഞൊപ്പിച്ചു.

തലകുനിച്ചുകൊണ്ടുതന്നെ
അവൾ പുറത്തേക്കിറങ്ങി.
കണ്ണുനീരും
കൈയ്യിലെ ചോരയും
തുടച്ചുകളഞ്ഞു.
കാൽ ചുവട്ടിലെ മണ്ണ്
ഒലിച്ചുപോകുന്നതായി അവൾക്കു തോന്നി.

ഇതേ സമയം,
ജനറൽ വാർഡിൽ
ഒടുക്കത്തെമഴ
പെയ്തുതോരുകയായിരുന്നു.